# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 03 | 2022 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.sabarimala.kerala.gov.in prdsabarimala2021@gmail.com

## മകരവിളക്ക്: മുന്നൊരുക്കങ്ങൾ തുടങ്ങി, സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കും - എഡിഎം

* പമ്പ ഹിൽടോപ്പിലും മകരജ്യോതി ദർശന സൗകര്യം

* തീർഥാടകർക്ക് പകലും വിരിവയ്ക്കാം

* കാനനപാതയിൽ ഒരു മണിക്കൂർ അധിക സമയം

മകരവിളക്ക് തീർഥാടനത്തോട് അനുബന്ധിച്ചുള്ള മുന്നൊരുക്കങ്ങൾ വേഗത്തിലാക്കാൻ സന്നിധാനത്ത് ചേർന്ന ഉന്നത സമിതി യോഗം ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദേശം നൽകി. തീർഥാടകർക്ക് സുരക്ഷിതമായും സുഗമമായും മകരജ്യോതി ദർശിക്കാനുള്ള സൗകര്യമൊരുക്കുന്നതിനാണ് സർക്കാരും ദേവസ്വം ബോർഡും മുൻഗണന നൽകുന്നത്. അതിനാൽ ഓരോ വകുപ്പുകളും സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കണം. ദേവസ്വം ഗസ്റ്റ് ഹൗസിൽ ചേർന്ന വിവിധ വകുപ്പു തലവൻമാരുടെ യോഗത്തിൽ എഡിഎം അർജുൻ പാണ്ഡ്യനാണ് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയത്.

മകരവിളക്കിനോട് അനുബന്ധിച്ച് തിരക്ക് വർധിക്കാൻ സാധ്യതയുെ ന്നും യോഗം വിലയിരുത്തി. മകരവിളക്ക് ഉത്സവത്തിനായി നട തുറന്നശേഷം ഒരു ലക്ഷത്തിമുപ്പതിനായിരം പേർ ഇതുവരെ

ശബരിമലയിൽ എത്തി. ഏറ്റവും കൂടുതൽ തീർഥാടകരെത്തിയത് ഡിസംബർ 31 നാണ്. ശരാശരി ഏകദേശം നാൽപതിനായിരം പേരാണ് എത്തിക്കൊ ിരിക്കുന്നത്. മകരജ്യോതി ദർശനത്തിനായി തീർഥാടകർ എത്തുന്ന സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ സ്ഥിരം ദർശന കേന്ദ്രങ്ങളിൽ സുരക്ഷ ഒരുക്കുന്നതിനായി ബാരിക്കേഡുകളുടെ നിർമാണം ആരംഭിക്കാൻ ദേവസ്വം മരാമത്ത് വകുപ്പിന് നിർദേശം നൽകി. പമ്പ ഹിൽടോപ്പിൽ മകരജ്യോതി ദർശനം അനുവദിക്കും. മറ്റ് കേന്ദ്രങ്ങളായ നീലിമല, അപ്പാച്ചിമേട്, അട്ടത്തോട്, ഇലവുങ്കൽ, നെല്ലിമല, അയ്യൻമല തുടങ്ങിയ സ്ഥലങ്ങളിലും പോലീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കുക.

ഇടുക്കി ജില്ലയിലെ പുല്ല്മേട്, പാഞ്ചാലിമേട്, പരുന്തുപാറ എന്നിവിടങ്ങളിലും ദർശന സൗകര്യം ഒരുക്കുന്നതിന്റെ സാധ്യത പരിശോധിക്കും. സർക്കാരാണ് ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുകയെന്നും എഡിഎം പറഞ്ഞു. ഓരോ കേന്ദ്രങ്ങളിലും ആവശ്യമായ വൈദ്യുതി സംവിധാനങ്ങളും കുടിവെള്ള ടാപ്പുകളും സ്ഥാപിക്കും. ആരോഗ്യ വകുപ്പ് ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളും ഏതൊരു അടിയന്തര സാഹചര്യത്തേയും നേരിടുന്നതിനുള്ള തയാറെടുപ്പുകൾ നടത്തണം. ആവശ്യമായ ജീവനക്കാരയും ഇതിനായി നിയോഗിക്കണമെന്നും യോഗം നിർദേശിച്ചു. കൂടുതൽ സ്ഥലങ്ങളിൽ ദർശന സൗകര്യം ഒരുക്കുന്നതിലൂടെ തിരക്ക് നിയന്ത്രിക്കാനും കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നു ന്ന് ഉറപ്പാക്കാനും സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ശബരിമല സന്നിധാനത്ത് കൂടുതൽ വിരിസ്ഥലങ്ങൾ ഒരുക്കിയ സാഹചര്യത്തിൽ തീർഥാടകരെ പകൽ സമയങ്ങളിലും വിരിവയ്ക്കാൻ അനുവദിക്കും. നേരത്തെ രാത്രി മാത്രമായിരുന്നു വിരിവയ്ക്കാൻ അനുമതിയു ായിരുന്നത്. പരമാവധി 12 മണിക്കൂർ മാത്രമേ വിരിവയ്ക്കാൻ അനുവദിക്കുകയുള്ളു. പരമാവധി തീർഥാടകർക്ക് മകരജ്യോതി ദർശിക്കാനുള്ള സാഹചര്യമൊരുക്കാനാണ് ദേവസ്വം ബോർഡ് ആഗ്രഹിക്കുന്നതെന്ന് ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ വി. കൃഷ്ണകുമാര വാര്യർ പറഞ്ഞു. സർക്കാർ നിർദേശവും കോവിഡ് മാനദണ്ഡങ്ങളും പാലിക്കേ തു ്. പോലീസുമായും ആരോഗ്യ വകുപ്പുമായും ആലോചിച്ച് ആവശ്യമായ കമീകരണങ്ങൾ ഒരുക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. യോഗത്തിൽ സന്നിധാനം പോലീസ് കൺട്രോളർ ബി.അജിത്കുമാർ, വിവിധ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## കാനനപാതയിൽ തീർഥാടന സമയം നീട്ടി

കരിമല വഴിയുള്ള കാനനപാതയിൽ തീർഥാടകരെ കടത്തിവിടുന്ന സമയ ക്രമത്തിലും മാറ്റം വരുത്തിയതായി എഡിഎം അറിയിച്ചു. ഒരു മണിക്കൂർ കൂടി അധിക സമയം അനുവദിക്കും. എരുമേലി കോയിക്കൽക്കടവിൽ നിന്നും രാവിലെ 5.30 മുതൽ 11.30 വരെ തീർഥാടകരെ പ്രവേശിപ്പിക്കും. അഴുതക്കടവ്, മുക്കുഴി എന്നിവിടങ്ങളിൽ നിന്നും രാവിലെ ഏഴു മുതൽ ഒരു മണി വരെയും തീർഥാടകരെ കടത്തിവിടും. മകരവിളക്ക് ഉത്സവം അടുക്കാറായതും തീർഥാടകരുടെ എണ്ണത്തിൽ വന്ന വർധനവും കണക്കിലെടുത്താണ് കാനനപാത വഴിയുള്ള തീർഥാടന സമയം പുന:ക്രമീകരിച്ചത്. കാനനപാതയിലൂടെ ഇതുവരെ ഏകദേശം 6000 പേർ പമ്പയിലെത്തിയിട്ടു ്. തിങ്കളാഴ്ച്ച 1532 പേരാണ് ഇതു വഴി എത്തിയത്.

## ശബരിമലയിലെ നാളത്തെ (04.01.2022) ചടങ്ങുകൾ

പുലർച്ചെ 3.30 ന് പള്ളി ഉണർത്തൽ
4 മണിക്ക്.... തിരുനട തുറക്കൽ
4.05 ന്..... പതിവ് അഭിഷേകം
4.30 മുതൽ 11മണി വരെ നെയ്യഭിഷേകം
4.30 ന് ...ഗണപതി ഹോമം
7.30 ന് ഉഷപൂജ
9.00മാ അഷ്ടാഭിഷേകം
11.30 ന് കലശാഭിഷേകം
തുടർന്ന് കളഭാഭിഷേകം
12 .15 ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കൽ
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ന് .....ദീപാരാധന
6.45 ന്... പടിപൂജ
7.30 ന് പുഷ്പാഭിഷേകം
9 മണിക്ക് ....അത്താഴപൂജ
10.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 11 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.